2012 ജനുവരി 31 ചൊവ്വ

നഗരം ഇന്ന്
ഉദയം: രാവിലെ 6.43 ന്
അസ്തമയം: വൈകിട്ട് 6.28 ന്
ഭാഗികമായി മേഘാവൃതമായിരിക്കും. മഴയ്ക്ക് സാധ്യതയില്ല.

സിറ്റി കൗമുദി
e-mail: city@kaumudi.com



**ഒഴുകിയെത്തിയ വിളപ്പിൽശാല:** വിളപ്പിൽശാലയിലെ മാലിന്യ പ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് വിളപ്പിൽശാല ജനകീയ സമിതിയുടെ നേതൃത്വത്തിൽ അവിടത്തെ ആബാലവൃദ്ധം ജനങ്ങൾ ഇന്നലെ സെക്രട്ടേറിയേറ്റിനു മുന്നിൽ പ്രതിഷേധവുമായി എത്തിയപ്പോൾ. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രിക്ക് ഭീമഹർജി നൽകി. നഗരം ഈ പ്രതിഷേധക്കടലിൽ മണിക്കൂറുകളോളം മുങ്ങിപ്പോയി.

ഫോട്ടോ: എസ്. ജയചന്ദ്രൻ

## യാത്രക്കാരുടെ ശ്രദ്ധയ്ക്ക്

# തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ ഹെൽമറ്റും പെട്രോളും പോയ വഴിയറിയില്ല



**എം.എസ്. അനീഷ്**

തിരുവനന്തപുരം: തമ്പാനൂർ റെയിൽവേ സ്റ്റേഷനിലെ പാർക്കിംഗ് ഏരിയ പെട്രോൾ ഊറ്റുകാരുടെയും ഹെൽമറ്റ് മോഷ്ടാക്കളുടെയും പറുദീസ. രാവിലെ ഇരുചക്രവാഹനം പാർക്ക് ചെയ്തിട്ട് ട്രെയിൻ യാത്ര കഴിഞ്ഞ് രാത്രി വണ്ടി എടുക്കാനെത്തുമ്പോൾ ടാങ്കിൽ ഒരു തുള്ളി പെട്രോൾ കാണില്ല. ഹെൽമറ്റ് 'ഉണ്ടെങ്കിൽ' ഉണ്ടെന്ന് പറയാം. ഇതിവിടെ പതിവായിട്ട് നാളുകളേറെയായി.

ഈ ദുരവസ്ഥയിൽ പൊറുതി മുട്ടി സ്ഥിരം യാത്രക്കാർ പരാതിപ്പെട്ടിട്ടും ഫലമില്ല. പാർക്കിംഗ് കരാറുകാരനോടു ചോദിച്ചാൽ പാർക്കിംഗ് കൂപ്പണിൽ എഴുതിയിട്ടുള്ള മുന്നറിയിപ്പ് എടുത്ത് വായിച്ചു കേൾപ്പിക്കും. ' ഇവിടെ പാർക്ക് ചെയ്യുന്ന വാഹനത്തിന്റെ സ്ഥല വാടക മാത്രമേ ഞങ്ങൾ ഈടാക്കുന്നുള്ളൂ, വാഹനത്തിന്റെയും അനുബന്ധ സാധന സാമഗ്രികളുടെയും ഉത്തരവാദിത്വം ഉടമസ്ഥനിൽ നിക്ഷിപ്തമാണ് ' -ഇത് കേട്ട് തലയും ചൊറിഞ്ഞ് തിരികെ പോകാനാണ് യാത്രക്കാരുടെ വിധി.

### മോഷ്ടാക്കൾ വിലസുന്നു

കഴിഞ്ഞയാഴ്ച പെട്രോൾ ഊറ്റാനെത്തിയ രണ്ടു പേരെ നാട്ടുകാർ കൈകാര്യം ചെയ്ത് വിട്ടിരുന്നു. എന്നിട്ടും മോഷണം പഴയപടി തന്നെ തുടരുന്നു. തമ്പാനൂർ മെയിൻ ഗേറ്റിലും നഗരസഭാ പാർക്കിംഗ് ഏരിയയിലും രണ്ടാം ഗേറ്റിലും സ്ഥിതി ഇതു തന്നെ. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിവസേന ഇവിടെ പാർക്ക് ചെയ്യുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും ഇരുചക്ര വാഹനങ്ങളാണ്. മിക്കവരും രാവിലെ ജനശതാബ്ദിയിൽ പോയി രാത്രി മടങ്ങിയെത്തുന്നവർ. രാത്രി വൈകി എത്തി വണ്ടി എടുക്കുമ്പോൾ സ്റ്റാർട്ട് ചെയ്യാനുള്ള പെട്രോൾ പോലും ബാക്കി വയ്ക്കാറില്ലെന്നാണ് യാത്രക്കാരുടെ പരാതി.

തകരപ്പറമ്പും ചെന്തിട്ടയും കേന്ദ്രീകരിച്ച് പെട്രോൾ ബ്ലാക്ക് വിൽപ്പന നടത്തുന്ന സംഘമാണ് മോഷണത്തിന് പിന്നിലെന്നാണ് തിരുമല സ്വദേശിയായ യാത്രക്കാരന്റെ ആരോപണം. കഴിഞ്ഞ ആഴ്ച മാത്രം തന്റെ ഹീറോ ഹോണ്ട ബൈക്കിൽ നിന്ന് രണ്ട് പ്രാവശ്യമായി നാല് ലിറ്റർ പെട്രോൾ മോഷണം പോയെന്ന് ഇദ്ദേഹം പറയുന്നു. ദീർഘദൂര യാത്ര കഴിഞ്ഞ് രാത്രി ക്ഷീണിച്ചെത്തുന്ന യാത്രക്കാർ എത്രയും വേഗം വീട്ടിലെത്താനുള്ള വെപ്രാളത്തിൽ പൊലീസിൽ പരാതിപ്പെടാൻ മിനക്കെടാറില്ല.

കള്ളനെയും പിരാകി പെട്രോൾ പമ്പ് വരെ തള്ളുക തന്നെ ഇക്കൂട്ടരുടെ വിധി. ഇത് കള്ളൻമാർക്ക് കാര്യങ്ങൾ കൂടുതൽ സൗകര്യപ്രദമാക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പൊലീസേമാൻമാർ ഇത് കാണുന്നില്ലേ എന്നാണിവരുടെ ചോദ്യം.

## രഘുപതി രാഘവ രാജാറാം



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 65-ാമത് രക്ത സാക്ഷിത്വ ദിനത്തിൽ ഇന്ദിരാ ഭവനിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഇന്നലെ നടന്ന സർവമത പ്രാർത്ഥന. മന്ത്രി വി. എസ്. ശിവകുമാർ, കെ.പി.സി.സി മുൻ പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ള, വർക്കല കഹാർ എം.എൽ.എ തുടങ്ങിയവർ സമീപം

## ലാൽസലാം സഖാക്കളേ



സി.പി.എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പുത്തരിക്കണ്ടം മൈതാനത്തെ ചരിത്ര പ്രദർശന നഗരിയുടെ കവാടത്തിൽ കാൾ മാർക്സ് മുതൽ ഇ.കെ. നായനാർ വരെയുള്ള നേതാക്കളുടെ ചിത്രങ്ങളുള്ള ബോർഡ് സ്ഥാപിച്ചപ്പോൾ (റിപ്പോർട്ട് രണ്ടാം പേജിൽ)

# മാർക്സിന്റെയും ഏംഗൽസിന്റെയും വീട് കാണാം;

# ചരിത്രപ്രദർശനം തുടങ്ങി, നഗരം വിപ്ളവശോഭയിൽ

**സി.പി. ശ്രീഹർഷൻ**

തിരുവനന്തപുരം: ഗ്രാച്ചൂസ് ബബൂഫിൽ നിന്ന് തുടങ്ങാം. ലോകത്തെ ആദ്യത്തെ കമ്മ്യൂണിസ്റ്റുകാരനാണ്. ഫ്രഞ്ച് പത്ര പ്രവർത്തകൻ. വർഗരഹിത സമൂഹത്തിനായി സിദ്ധാന്തം ചമച്ചു. 1797ൽ ബബൂഫിനെ സൈനികഭരണകൂടം വധിച്ചു.

ബബൂഫിൽ നിന്ന് നേരേ ജർമനിയിലെ ട്രയറിലേക്കാണ്. 1818 മേയ് അഞ്ചിന് കാൾ മാർക്സ് ജനിച്ച വീട്ടിലേക്ക്. തൊട്ടുചേർന്ന് ജർമനിയിലെ തന്നെ ബാർമൻ. അവിടെയാണ് മാർക്സിന്റെ സഹയാത്രികൻ ഏംഗൽസ് 1820 നവംബർ 28ന് ജനിച്ചത്. മാർക്സിസത്തിന്റെ ഉദ്ഭവത്തിൽ തുടങ്ങി ഏറ്റവുമൊടുവിലത്തെ ലോകസമ്പദ്‌വ്യവസ്ഥയ്ക്കേറ്റ തിരിച്ചടിയിലേക്കും അറബ്‌രാഷ്ട്രങ്ങളിലെ മുല്ലപ്പൂവിപ്ളവത്തിലേക്കും വരെ നീളുന്ന ലോക കാഴ്ചകളിലേക്ക് ജാലകം തുറന്നിടുകയാണ് പുത്തരിക്കണ്ടം മൈതാനം.

സി.പി. എം സംസ്ഥാന സമ്മേളനത്തിന് ആദ്യമായി ആതിഥ്യമരുളുന്ന തിരുവനന്തപുരം നഗരത്തിന് വിപ്ളവശോഭ പകരുന്നു പുത്തരിക്കണ്ടം മൈതാനവും പരിസരവും. പന്ത്രണ്ട് ഏക്കറിലായി പരന്നുകിടക്കുന്ന പുത്തരിക്കണ്ടത്തിന്റെ നവീകരിച്ച മുഖ്യകവാടം കടക്കുമ്പോൾ വരവേൽക്കുക, മാർക്സ് അന്ത്യവിശ്രമം കൊള്ളുന്ന ഹൈഗേറ്റ് സെമിത്തേരിയുടെ മാതൃകയാണ്. ഇതിനകത്താണ് ചരിത്രപ്രദർശനം.

മാർക്സ് ആണ് ശരി എന്ന തലവാചകത്തോടെയാണ് പ്രദർശനമൊരുക്കിയിരിക്കുന്നത്. ലോകത്തെ ഏറ്റവും പുതിയ രാഷ്ട്രീയസംഭവവികാസങ്ങളിലൂടെ മാർക്സിസത്തിന്റെ പ്രസക്തി വർദ്ധിച്ചെന്ന് സമർത്ഥിക്കുകയാണ് ഇവിടെ. സി.പി. എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഇന്നലെ വൈകിട്ട് പ്രദർശനം ഉദ്ഘാടനം ചെയ്തു. രാവിലെ 9 മുതൽ രാത്രി 9 വരെ പൊതുജനങ്ങൾക്ക് സൗജന്യമായി പ്രദർശനം കാണാം. സംസ്ഥാനസമ്മേളനം തീരുന്ന ഫെബ്രുവരി 10നാണ് പ്രദർശനത്തിന്റെയും സമാപനം.

പത്തു വിഭാഗങ്ങളിലായൊരുക്കിയ പ്രദർശനം അപൂർവചിത്രങ്ങളുടെയും സംഭവങ്ങളുടെയും ചരിത്രസാക്ഷ്യങ്ങളാണ്. നൂറു വർഷത്തെ ഫോട്ടോഗ്രഫിയിൽ നിന്ന് പ്രശസ്ത ചലച്ചിത്രകാരൻ ഷാജി എൻ. കരുൺ തിരഞ്ഞെടുത്ത പത്ത് ഫോട്ടോകൾ ഇതിന് മാറ്റ് കൂട്ടുന്നു. ഡോ. സുകുമാർ അഴീക്കോടിന്റെ അന്ത്യയാത്രയും ജീവിതമുഹൂർത്തങ്ങളും കാമറക്കണ്ണിൽ പതിഞ്ഞതും ഇവിടെ കാണാം.

ക്രിസ്തു മുതൽ ഗാന്ധി വരെയുള്ളവരുടെ രക്തസാക്ഷിത്വം, മാർക്സിന്റെ സഞ്ചാരവഴികൾ, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം, ലാറ്റിനമേരിക്കൻ മുന്നേറ്റം, അറബ്‌വസന്തം, കേരളത്തിന്റെ നവോത്ഥാനം, സമരകേരളം, കേരളഭരണത്തിന്റെ രണ്ടു മുഖം, പോരാട്ടത്തിലെ സ്ത്രീ, ജനപക്ഷ സാംസ്കാരിക മുന്നേറ്റം, ചുവപ്പു മങ്ങാത്ത ബംഗാൾ എന്നിങ്ങനെയാണ് പ്രദർശന വിഭാഗങ്ങൾ.

1943 മേയ് 28 മുതൽ ജൂൺ ഒന്നുവരെ ബോംബെയിൽ നടന്ന ഒന്നാം പാർട്ടി കോൺഗ്രസ് തൊട്ടുള്ള സമ്മേളനചരിത്രവും കാണാം. 1988 ഡിസംബർ 27 മുതൽ 89 ജനുവരി ഒന്നുവരെ തിരുവനന്തപുരത്തായിരുന്നു 13-ാം പാർട്ടി കോൺഗ്രസ്.

സഖാവ് പി. കൃഷ്ണപിള്ള നഗറിൽ നടന്ന പതിമ്മൂന്നാം പാർട്ടി കോൺഗ്രസിന്റെ ഓർമ്മ, ഏഴുവർഷത്തിനിപ്പുറം പുത്തരിക്കണ്ടം മൈതാനത്തു നിന്ന് പൊടിതട്ടിയെടുക്കുകയാണ് തലസ്ഥാനത്തെ പാർട്ടി ബന്ധുക്കൾ.

" മാർക്സിസമാണ് ശരിയെന്ന് കാലം തെളിയിക്കുകയാണ്. അതിനാൽ ചരിത്രത്തോടുള്ള ആദരവാണീ പ്രദർശനം''- പുത്തരിക്കണ്ടത്തെ പ്രദർശനനഗരിയിൽ നിന്ന് എക്സിബിഷൻ കമ്മിറ്റി ചെയർമാൻ ബി.എസ്. രാജീവ് പറഞ്ഞു.





**കാലം സാക്ഷി, ചരിത്രം സാക്ഷി :** സി.പി.എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പുത്തരിക്കണ്ടം മൈതാനത്ത് ഇന്നലെ ആരംഭിച്ച ചരിത്ര പ്രദർശനത്തിൽ നിന്ന്: മാർക്സിന്റെ പടം ആലേഖനം ചെയ്ത ബലൂണുകൾ ആകാശത്തേയ്ക്ക് പറത്തി വിടുന്ന പാർട്ടി പ്രവർത്തകൻ. നഗരിയിൽ സ്ഥാപിച്ചിട്ടുള്ള കാൾ മാർക്സിന്റെ പടുകൂറ്റൻ ശിൽപം (വലത്ത്). അരിവാൾ ചുറ്റികയും (ഇടത്ത്)



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 65-ാമത് രക്തസാക്ഷിത്വ ദിനത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പചക്രം സമർപ്പിക്കാനായി പോകുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി. സിറ്റി പൊലീസ് കമ്മിഷണർ ടി. ജെ. ജോസ് സമീപം.

# ഇവൻ മേഘരൂപൻ ഓഡിയോ റിലീസ് ഇന്ന്

**പി.** ബാലചന്ദ്രന്റെ ഇവൻ മേഘരൂപൻ എന്ന ചിത്രത്തിന്റെ ഓഡിയോ റിലീസ് ഇന്ന് വൈകിട്ട് 5 ന് മസ്കറ്റ് ഹോട്ടലിൽ നടക്കും. ഒ.എൻ.വിയും കാവാലം നാരായണപ്പണിക്കരും എഴുതിയ വരികൾക്ക് സംഗീതം നൽകിയിരിക്കുന്നത് ശരത്താണ്. കെ.ജെ. യേശുദാസ്, കെ. എസ്. ചിത്ര, കൃഷ്ണചന്ദ്രൻ, ശ്വേതാ മോഹൻ, രമ്യാ നമ്പീശൻ, സുനിതാ നെടുങ്ങാടി, മൃദുല വാര്യർ, റിയ എന്നിവരാണ് ഗായകർ. മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ജീവിത കഥയെ ആസ്പദമാക്കി പി. ബാലചന്ദ്രൻ ഒരുക്കുന്ന ഇവൻ മേഘരൂപനിൽ പ്രധാന കഥാപാത്രമാകുന്നത് പ്രകാശ് ബാരെയാണ്.



# കണ്ണടയ്ക്കുന്ന പൗരബോധം




ആയുർവേദ കോളേജിന് സമീപം പുത്തൻചന്ത കൽപാലയം ലെയ്നിൽ നടുറോഡിലിട്ട് ചവർ കത്തിക്കുന്നത് പതിവായിരിക്കുന്നു. ഇതിനെതിരെ സമീപവാസികൾ അധികൃതർക്ക് പരാതി നൽകിയെങ്കിലും നടപടി ഉണ്ടായില്ല. രാത്രി സമയത്താണ് ഇവിടെ മാലിന്യം നിക്ഷേപിച്ച ശേഷം കത്തിക്കുന്നത്.



**പഞ്ചമിദേവിക്ക് പൊങ്കാല:** പേട്ട കല്ലുംമൂട് ആനയറ ശ്രീപഞ്ചമി ദേവീക്ഷേത്രത്തിൽ ഇന്നലെ നടന്ന പൊങ്കാല



കളരിച്ചുവടുകൾ പയറ്റുന്ന ലൂയിസ് (കറുത്തവേഷത്തിൽ)
ഫോട്ടോ: ടി.കെ. സജീവ്കുമാർ



ബോധിധർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാർഷ്യൽ ആർട്സ് സ്കൂളിലെ കളരി പരിശീലനത്തിൽ നിന്ന്. ലൂയിസ് എടുത്ത ചിത്രം

# കളരിപ്പയറ്റ് @ ഗ്രാഫിക്സ്

**മൂന്ന് പത്രങ്ങളുള്ള ദുബായ് മീഡിയ ഗ്രൂപ്പിന്റെ ഇൻഫർമേഷൻ ഗ്രാഫിക്സ് ഡയറക്ടറാണ് പെരു സ്വദേശിയായ ലൂയിസ് ചുമ്പിറ്റാൻ. കേരളത്തിന്റെ തനത് ആയോധന കലയായ കളരിപ്പയറ്റിനെക്കുറിച്ച് മനസ്സിലാക്കാനും കളരിച്ചുവടുകളുടെ ഗ്രാഫിക്സ് തയ്യാറാക്കാനും വേണ്ടിയാണ് ജില്ലാ മാർഷ്യൽ ആർട്സ് ട്രെയിനിംഗ് സെന്ററിന് കീഴിലുള്ള ബോധിധർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാർഷ്യൽ ആർട്സ് സ്കൂളിൽ ലൂയിസ് എത്തിയത്**

തിരുവനന്തപുരം: ഇടതു മാറി, വലതു കയറി, തിരിഞ്ഞു വെട്ടി....

കളരിപ്പയറ്റിന്റെ ചടുലതയും സൗന്ദര്യവും കണ്ട് ലൂയിസ് ചുമ്പിറ്റാന്റെ കണ്ണുകളിൽ കൗതുകം തിളങ്ങി. ഒരു നൊടി പാഴാക്കാതെ ലൂയിസ് കാമറ ക്ളിക്ക് ചെയ്തുകൊണ്ടിരുന്നു. കളരിപ്പയറ്റിന്റെ ഓരോ ചുവടും പകർത്തുമ്പോഴും 'വാവ്, ബ്യൂട്ടിഫുൾ' എന്ന ആശ്ചര്യം ലൂയിസിന്റെ മനസ്സിൽ നിന്നുതന്നെയാണ് ഉതിർന്നു വീണത്.

മൂന്ന് പത്രങ്ങളുള്ള ദുബായ് മീഡിയ ഗ്രൂപ്പിന്റെ ഇൻഫർമേഷൻ ഗ്രാഫിക്സ് ഡയറക്ടറാണ് പെരു സ്വദേശിയായ ലൂയിസ് ചുമ്പിറ്റാൻ. കേരളത്തിന്റെ തനത് ആയോധന കലയായ കളരിപ്പയറ്റിനെക്കുറിച്ച് മനസ്സിലാക്കാനും കളരിച്ചുവടുകളുടെ ഗ്രാഫിക്സ് തയ്യാറാക്കാനും വേണ്ടിയാണ് ജില്ലാ മാർഷ്യൽ ആർട്സ് ട്രെയിനിംഗ് സെന്ററിന് കീഴിലുള്ള ബോധിധർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാർഷ്യൽ ആർട്സ് സ്കൂളിൽ ലൂയിസ് എത്തിയത്. പൂന്തുറ സോമൻ എന്ന കളരിയാശാന്റെ ശിഷ്യൻമാർക്കൊപ്പം കളരിച്ചുവടുകൾ വയ്ക്കാനും പയറ്റാനും കരാട്ടെ വിദഗ്ധൻ കൂടിയായ ലൂയിസ് തയ്യാറായി.

മൂന്നു ദിവസം തലസ്ഥാനത്തുണ്ടായിരുന്ന ലൂയിസ് ദുബായ് മീഡിയയ്ക്കും നാഷണൽ ജ്യോഗ്രഫിക് മാസികയ്ക്കും വേണ്ടി കളരിപ്പയറ്റിനെ സംബന്ധിക്കുന്ന ഗ്രാഫിക്സുകൾ തയ്യാറാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് ഇവിടെയെത്തിയത്. കഴിഞ്ഞ ദിവസം രാവിലെ എട്ട് മണി മുതൽ പത്ത് മണി വരെ ലൂയിസ് കളരി അഭ്യാസികൾക്കൊപ്പം ചെലവഴിച്ചു. കളരിപ്പയറ്റിനെ സംബന്ധിക്കുന്ന സംശയങ്ങളെല്ലാം ആശാനോട് ചോദിച്ച് മനസ്സിലാക്കി.

നിലവിൽ ലോകത്തിലെ ഏറ്റവും മികച്ച ഇൻഫർമേഷൻ ഗ്രാഫിക്സ് ഡിസൈനർമാരിൽ ഒരാളാണ് ലൂയിസ്. സൊസൈറ്റി ഫോർ ന്യൂസ് ഡിസൈൻ, വാൻ ഇൻഫ്ര തുടങ്ങിയ സംഘടനകളുടേതുൾപ്പെടെ നൂറിലധികം പുരസ്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ലോകകപ്പ് ഫുട്ബാളിനോടനുബന്ധിച്ച് ദുബായ് മീഡിയയ്ക്കുവേണ്ടി ലൂയിസ് തയ്യാറാക്കിയ 48 പേജ് സ്പെഷ്യൽ ഗ്രാഫിക്സ് വർക്ക് ലോകശ്രദ്ധ നേടിയിരുന്നു.

# രോഗം അറിഞ്ഞാൽ പോരാ രോഗിയേയും അറിയണം





**അശ്വതി വിജയൻ**

നടക്കുന്നതിനും മറ്റും ബുദ്ധിമുട്ടുള്ളതിനാൽ സഹായത്തോടെയാണ് അദ്ദേഹം ഡോക്ടറുടെ മുന്നിലെത്തിയത്. വയസ് 87 ആയി. സർക്കാർ സർവീസിൽ നിന്ന് പിരിഞ്ഞയാളാണ്. കടുത്ത പ്രമേഹമുണ്ട്. ദിവസവും രണ്ടുനേരം ഇൻസുലിൻ എടുക്കുന്നുണ്ട്.

ഈ പ്രായത്തിലും രണ്ടുനേരം ഇൻസുലിൻ എടുക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ വിദേശത്തുള്ള ഡോക്ടറായ മകനോട് അദ്ദേഹം പറയാറുണ്ട്. നഗരത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ പതിവായി ചെക്കപ്പ് നടത്താറുണ്ട്. ഇക്കുറി ചെന്നപ്പോൾ എപ്പോഴും പരിശോധിച്ചുകൊണ്ടിരുന്ന പ്രഗല്ഭനായ സീനിയർ ഡോക്ടറുടെ കസേരയിൽ ഒരു യുവ ഡോക്ടർ ഇരിക്കുന്നു. ബിരുദങ്ങൾക്ക് ഒരു കുറവുമില്ല. മിടുക്കനായിരിക്കുമെന്ന് ഉള്ളിൽ കരുതി. പക്ഷേ, കണക്കുകൂട്ടലുകൾ തെറ്റി. അങ്ങോട്ടു പറയുന്നതൊന്നും ഡോക്ടർക്ക് കേൾക്കണ്ട. ആൾ ആകാശവാണിയാണെന്ന് തോന്നി. കാരണം അങ്ങോട്ടൊന്നും പറയാൻ പറ്റില്ല. ക്യാറ്റ് ആൻഡ് മൗസ് പ്ളേയിലാണ് പുള്ളിക്കാരന് താത്പര്യം. ശരിക്കും പൂച്ച (പണ്ടത്തെ പൂച്ചയെന്നു പറയണം. ഇപ്പോൾ പൂച്ചയും എലിയും തമ്മിലുള്ള പരമ്പരാഗത ശത്രുത ഇല്ലല്ലോ). എലിയെ തട്ടിക്കളിക്കുന്ന സ്റ്റെൽ. ഒടുവിൽ ചീട്ടെഴുതി. ദിവസം നാലുനേരം ഇൻസുലിൻ എടുക്കണം. 87-ാമത്തെ വയസിൽ രണ്ടുനേരം ഇൻസുലിൻ എടുക്കുന്നതിന്റെ ബുദ്ധിമുട്ട് പറഞ്ഞപ്പോൾ; ആക്രോശമായിരുന്നു തിരിച്ച്.





തിയറി പഠിച്ച് ടെക്സ്റ്റ്ബുക്ക് മാത്രം ഫോളോ ചെയ്യുന്നതിന്റെ വിജ്ഞാനം വിളമ്പുകയായിരുന്നു ആ ഡോക്ടർ. പ്രായോഗികമായി ചിന്തിച്ചില്ല. നാലുനേരം ഇൻസുലിനെടുക്കേണ്ട 87 കാരന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസിലാക്കിയതുമില്ല. ഏതെങ്കിലും ഒരു ഘട്ടത്തിൽ ഷുഗറിന്റെ അളവ് താണുപോവുകയും ഹൈപ്പോഗ്ളൈസീമിയ അടിക്കുകയും ചെയ്താൽ രോഗിയുടെ അവസ്ഥയെന്താകും? ഇതൊക്കെ ഡോക്ടർ ചിന്തിക്കേണ്ട കാര്യമല്ലേ? ന്യൂറോളജിക്കൽ സങ്കീർണതകളിലേക്ക് വരെ തിരിയാവുന്ന ഒരു മെഡിക്കൽ എമർജൻസിയായിട്ടാണ് ഹൈപ്പോഗ്ളൈസീമിയയെ വിദഗ്ദ്ധർ വിലയിരുത്തുന്നത്.

വിദഗ്ദ്ധനെന്ന് സ്വയം കരുതുന്ന എൻഡോക്രൈനോളജിസ്റ്റാണ് ഈ സംഭവത്തിലെ മുഖ്യകഥാപാത്രം. അദ്ദേഹം രോഗിയെ ചികിത്സിക്കുന്നതിനുപകരം റിപ്പോർട്ടുകളെ ചികിത്സിച്ചു. രോഗമറിയുന്നതിനൊപ്പം രോഗിയേയും അറിയണമെന്ന പഴമക്കാരുടെ വാക്കുകൾ ഈ ബിരുദക്കാരന് അറിയില്ലായിരിക്കാം.

ഡോക്ടറുടെ പെരുമാറ്റമാണ് ഏറ്റവും നല്ല മരുന്നെന്ന് ഡോ. പി.കെ. ആർ. വാര്യർ എപ്പോഴും പറയുമായിരുന്നു. രോഗിയുടെ കരംപിടിച്ച് ഡോക്ടർ ഒരു വാക്കുപറയുമ്പോൾതന്നെ അതിശക്തമായ ഒരു എനർജി രോഗിയുടെ മനസിലേക്ക് പ്രവഹിക്കും. അതാണ് ഏറ്റവും വലിയ മരുന്ന്. പിന്നീട് ഡോക്ടർ നിർദ്ദേശിക്കുന്ന എല്ലാ മരുന്നുകളും ആ രോഗിയിൽ ഫലം കാണുകയും ചെയ്യും. കൈപ്പുണ്യമെന്ന് പറഞ്ഞിരുന്നത് അതിനെയാണ്. പക്ഷേ, കൈപ്പുണ്യമുള്ള ഡോക്ടർമാരുടെ കാലം കഴിയുകയാണെന്നുതോന്നുന്നു.

തിരുവനന്തപുരത്ത് പ്രമേഹരോഗത്തിന് ചികിത്സിക്കുന്ന ഡോക്ടർമാരുടെ എണ്ണം കൂടിവരികയാണ്. അതിൽ ഇൻസുലിൻ പമ്പ് കച്ചവടക്കാരുമുണ്ട്. അമേരിക്കയിലും മറ്റും പമ്പിന്റെ ഉപയോഗം കുറഞ്ഞു വരുമ്പോഴാണ് ഇവിടെ കച്ചവടം പൊടിപൊടിക്കുന്നത്.

നഗരത്തിലെ മറ്റൊരു പ്രമുഖ ആശുപത്രിയിൽ 73 കാരിയായ രോഗിക്ക് നേരിടേണ്ടിവന്ന അനുഭവം ഇതിലും കട്ടിയായിരുന്നു. തലകറക്കമായിട്ടാണ് കൊണ്ടുചെന്നത്. ന്യൂറോളജിക്കൽ പ്രശ്നങ്ങൾ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പക്ഷേ, ആശുപത്രിയിലെ ചീഫ് ഫിസിഷ്യനായ ഡോക്ടർ ന്യുമോണിയയെന്ന് വിധിയെഴുതി. ട്രീറ്റ്മെന്റും തുടങ്ങി. പക്ഷേ സ്ട്രോക്കായിരുന്നു. അഞ്ചാമത്തെ ദിവസം സ്ട്രോക്ക് പൂർണമായി ഒരു വശം തളർന്നു. ഉടൻ ശ്രീചിത്രയിലെ സ്ട്രോക്ക് കെയർ സെന്ററിലേക്ക് മാറ്റി. ചോദിച്ചപ്പോൾ ഡോക്ടർക്ക് ഒന്നും പറയാനില്ല. 87 കാരന്റെ വിദേശത്തുള്ള ഡോക്ടറായ മകൻ നാലുനേരം ഇൻസുലിൻ എടുക്കുന്നതിന്റെ സാംഗത്യം യുവകോമള ഡോക്ടറോട് മെഡിക്കൽ ടേംസിൽ ചോദിച്ചപ്പോൾ ഉത്തരമില്ലായിരുന്നു. ഇത് സിറ്റി കൗമുദിയിൽ എഴുതണമെന്ന് തോന്നിയതുകൊണ്ടാണ് പറയുന്നത്. ആവർത്തിക്കാൻ പാടില്ലാത്തകാര്യങ്ങളാണല്ലോ.

**(ഒരു വായനക്കാരൻ ഞങ്ങളുടെ ലേഖികയോട് പറഞ്ഞത്. വായനക്കാർക്ക് പ്രതികരിക്കാം. city kaumudi.com, സിറ്റി എഡിറ്റർ, കേരളകൗമുദി, പേട്ട, തിരുവനന്തപുരം-24)**

## കരമന-കളിയിക്കവിള ദേശീയപാത വികസനം

## സെക്രട്ടേറിയറ്റിന് മുമ്പിൽ

# ഉപവാസം

തിരുവനന്തപുരം: കരമന-കളിയിക്കവിള ദേശീയപാതാ വികസനം അനിശ്ചിതമായി നീളുന്നതിൽ പ്രതിഷേധിച്ച് കരമന-കളിയിക്കവിള ദേശീയപാത വികസന ആക്ഷൻ കൗൺസിൽ നൂറുകണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ഉപവാസം സർക്കാരിനുള്ള ശക്തമായ താക്കീതായി. ദേശീയപാതയിൽ അടിക്കടി വർദ്ധിച്ചുവരുന്ന അപകടങ്ങളുടെയും ഗതാഗതക്കുരുക്കിന്റെയും പശ്ചാത്തലത്തിൽ നടന്ന ഉപവാസ സമരത്തിൽ വിവിധ



കരമന-കളിയിക്കവിള ദേശീയപാത വികസന സ്തംഭനത്തിനെതിരെ ആക്ഷൻ കൗൺസിൽ സെക്രട്ടറിയേറ്റ് പടിയ്ക്കൽ നടത്തിയ ഉപവാസ സമരത്തിൽ എം. വിജയകുമാർ സംസാരിക്കുന്നു. ഗാന്ധിയൻ ഗോപിനാഥൻ നായർ, ഒ. രാജഗോപാൽ, പന്ന്യൻ രവീന്ദ്രൻ, കരമന ജയൻ, റൂഫസ് ഡാനിയേൽ എന്നിവർ സമീപം

രാഷ്ട്രീയ കക്ഷികളുടെ ഭാരവാഹികളും പ്രദേശത്തെ ദുരിതമനുഭവിക്കുന്ന നാട്ടുകാരും കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഒന്നിച്ചത് ശ്രദ്ധേയമായി.

30.2 മീറ്ററിൽ പാത വികസിപ്പിക്കുന്നതിനുള്ള സർക്കാർ പദ്ധതിയാണ് ഭാവിയെന്തെന്നറിയാത്ത അവസ്ഥയിൽ ഇഴഞ്ഞുനീങ്ങുന്നത്.

പാത വികസിപ്പിക്കുന്നതിനു വേണ്ടി ഇനി ഒരു അധികാര കേന്ദ്രത്തിനു മുന്നിലും യാചിക്കാൻ പാടില്ലെന്നും ഒരു നാടിന്റെ മുഴുവൻ വികസനത്തിന്റെ അടിസ്ഥാനമായ പദ്ധതി അടിയന്തരമായി പൂർത്തിയാക്കിയേ തീരൂ എന്നും ഉപവാസം ഉദ്ഘാടനം ചെയ്ത മുൻ മന്ത്രി എം. വിജയകുമാർ പറഞ്ഞു. പാത ഇരട്ടിപ്പിക്കലിനുവേണ്ടി ആരുടെ കൂടെയും സഹകരിക്കാൻ ബി.ജെ.പി തയ്യാറാണെന്ന് മുഖ്യ പ്രഭാഷകനായിരുന്ന മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ പറഞ്ഞു. സർക്കാർ ഏറെ ആലോചിച്ച് തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാൻ മുഖ്യമന്ത്രി മുന്നിട്ടിറങ്ങണമെന്ന് സി.പി.ഐ നേതാവും മുൻ എം.പി യുമായ പന്ന്യൻ രവീന്ദ്രൻ ആവശ്യപ്പെട്ടു.

ആർ. ശെൽവരാജ് എം.എൽ.എ, പി. ഗോപിനാഥൻ നായർ, ആക്ഷൻ കൗൺസിൽ പ്രസിഡന്റ് അഡ്വ. എ.എസ്. മോഹൻകുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റൂഫസ് ഡാനിയേൽ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് കരമന ജയൻ, ഡി.സി.സി ജനറൽ സെക്രട്ടറി വി.എസ്. ഹരീന്ദ്രനാഥ്, സി.പി.ഐ ജില്ലാ സെക്രട്ടറി വെഞ്ഞാറമൂട് ശശി, കേരളാ ജമാ അത്ത് കൗൺസിൽ നേതാവ് എം.എ. കരീം തുടങ്ങിയവർ സംസാരിച്ചു.

e-mail: city@kaumudi.com
സിറ്റി കൗമുദി
2012 ജനുവരി 31 ചൊവ്വ






പുതിയ ചട്ടക്കാരിയുടെ പൂജ ഇന്നലെ തിരുവനന്തപുരത്ത് നടന്നപ്പോൾ സംവിധായകൻ സന്തോഷ് സേതുമാധവൻ ദീപം കൊളുത്തുന്നു. സേതുമാധവൻ, സുരേഷ്കുമാർ, മേനക, മോഹൻ തുടങ്ങിയവർ സമീപം



പുതിയ ചട്ടക്കാരിക്കും നായകനുമൊപ്പം പഴയ നായകൻ മോഹൻ



ഷംനാ കാസിം

**ലക്ഷ്മിയും മോഹനും അഭിനയിച്ച വേഷങ്ങൾ ഷംനാ കാസിമും ഹേമന്തും അവതരിപ്പിക്കും**

# വീണ്ടും 'ചട്ടക്കാരി'

## പുതിയ ചട്ടക്കാരിയുടെ പൂജ ഇന്നലെ തിരുവനന്തപുരത്ത് നടന്നു. ലെജൻഡായ അച്ഛൻ സേതുമാധവൻ മകൻ സന്തോഷിനെ അനുഗ്രഹിച്ചുകൊണ്ട് വിളക്ക് തെളിച്ചു

**രമ്യാ മുകുന്ദൻ**

38 വർഷം മുമ്പ് മലയാള സിനിമയെ ഇളക്കി മറിച്ച 'ചട്ടക്കാരി' വീണ്ടുമെത്തുന്നു. രേവതി കലാമന്ദിറിന്റെ ബാനറിൽ ജി.സുരേഷ് കുമാറാണ് പുതിയ ചിത്രം നിർമ്മിക്കുന്നത്. പ്രശസ്ത സിനിമാ സംവിധായകൻ കെ.എസ്. സേതുമാധവന്റെ മകൻ സന്തോഷ് സേതുമാധവനാണ് അച്ഛന്റെ സിനിമ വീണ്ടും ഒരുക്കി ആദ്യസിനിമാ സംരംഭത്തിന് തുടക്കമിടുന്നത്. ലക്ഷ്മി എന്ന നടി മലയാളത്തിൽ മേൽവിലാസം കുറിച്ച 'ജൂലി' യെന്ന കഥാപാത്രമായി ഷംനാ കാസിമും നായകനായി 'ലിവിംഗ് ടുഗദർ' എന്ന സിനിമയിലൂടെ ഫാസിൽ അവതരിപ്പിച്ച ഹേമന്തും വരുന്നു.

നാലുവർഷത്തെ ഇടവേളയ്ക്കു ശേഷം മലയാളത്തിൽ ശക്തമായ നായികാകഥാപാത്രമായി തിരിച്ചെത്തുന്നതിന്റെ സന്തോഷത്തിലാണ് ഷംന. അന്യഭാഷാ ചിത്രങ്ങളിൽ തിളങ്ങുമ്പോഴും മലയാളം വേണ്ടത്ര പരിഗണിച്ചിട്ടില്ലെന്ന പരിഭവം മാറിയെന്നും തന്റെ ഏറെ നാളത്തെ കാത്തിരിപ്പാണ് സഫലമായതെന്നും ഷംന 'സിറ്റി കൗമുദി' യോടു പറഞ്ഞു.

"ഭാഗ്യമെന്ന് കരുതുന്നു. എത്രയോ വട്ടം ഈ സിനിമ കണ്ടിരുന്നു. അന്നൊന്നും ഈ സിനിമ വീണ്ടും വരുമെന്നോ നായികയാകാൻ അവസരം ലഭിക്കുമെന്നോ ഓർത്തിരുന്നില്ല. മലയാളത്തിൽ ആദ്യമായി ചെയ്യുന്ന നായികാവേഷമായതിനാൽ അൽപ്പം ടെൻഷനുണ്ട്. തമിഴിലും തെലുങ്കിലും കന്നടയിലുമായി ഏറെ ചിത്രങ്ങളുണ്ടായിരുന്നെങ്കിലും മലയാളത്തിൽ നല്ല അവസരങ്ങൾ ലഭിച്ചിരുന്നില്ല. ജൂലിയാകുന്നതിന്റെ ത്രില്‍ ഒരു മാസമായി അനുഭവിക്കുകയാണ്. ഒരു തെലുങ്ക് ചിത്രം ഉപേക്ഷിച്ചാണ് മലയാളത്തിലേക്ക് വരുന്നത്. ഏറെ പ്രതീക്ഷയുള്ള ചിത്രമാണിത്."- ഷംന പറഞ്ഞു.

### ന്യൂജനറേഷൻ സിനിമ

'ചട്ടക്കാരി' യെന്ന സിനിമയുടെ സ്റ്റൈൽ തന്റെയും സ്റ്റൈലാണെന്ന് സംവിധായകൻ സന്തോഷ് സേതുമാധവൻ വ്യക്തമാക്കുന്നു. പ്രശസ്തനായ അച്ഛന്റെ സിനിമ വീണ്ടും അവതരിപ്പിക്കുന്നതിന്റെ ടെൻഷനൊന്നും സന്തോഷിനില്ല. ടോട്ടൽ ട്രീറ്റ്മെന്റ് തന്നെ പുതിയ ചട്ടക്കാരിയെ വ്യത്യസ്തമാക്കും. പൂർണമായും ന്യൂജനറേഷൻ ചിത്രമാണ്. പുതിയ തലമുറയെ പിടിച്ചിരുത്തുന്ന ചിത്രമായിരിക്കുമെന്ന് ഈ നവാഗത സംവിധായകൻ ഉറപ്പു നൽകുന്നു.

ഇന്നസെന്റ്, നന്ദു എന്നിവരാണ് ചിത്രത്തിലെ മറ്റു അഭിനേതാക്കൾ. എസ്.പി. ഗ്രാൻഡ് ഡേയ്സ് ഹോട്ടലിൽ നടന്ന പൂജാ ചടങ്ങിൽ കെ.എസ്. സേതുമാധവൻ, ജി. സുരേഷ്കുമാർ, സംവിധായകരായ കെ. മധു, ടി.കെ. രാജീവ്കുമാർ, നിർമ്മാതാക്കളായ അരോമാ മണി, ദിനേശ് പണിക്കർ, മേനകാ സുരേഷ് കുമാർ, വിനു എബ്രഹാം എന്നിവർ പങ്കെടുത്തു.

ഊട്ടിയാണ് ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ. ഷൂട്ടിംഗ് ഫെബ്രുവരി ആദ്യം തുടങ്ങും.

## സൂര്യയുടെ നായികയായി ഹൻസിക



ഹൻസിക

സിങ്കത്തിന്റെ സംവിധായകൻ ഹരി ഒരുക്കുന്ന പുതിയ ചിത്രത്തിൽ സൂര്യയും ഹൻസികയും ഒന്നിക്കുന്നു. തമിഴകത്തെ മികച്ച സംവിധായകനും നടനുമൊപ്പം വർക്ക് ചെയ്യാൻ പോകുന്നതിന്റെ ത്രില്ലിലാണ് ഹൻസികയിപ്പോൾ. 'ഗജിനി സിനിമയോടെ ഞാൻ സൂര്യയുടെ കടുത്ത ഫാനാണ്. ചില സിനിമാ അവാർഡ് പരിപാടികൾക്ക് മാത്രമാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്.

സൂര്യക്കൊപ്പം നായികയാകാൻ പോകുന്നു വെന്നത് ഒരു സ്വപ്നം പോലെ തോന്നുന്നു', പുതിയ ചിത്രത്തെക്കുറിച്ച് ഹൻസിക പറയുന്നു.

തന്റെ അടുത്ത ചിത്രത്തിൽ സൂര്യയും ഹൻസികയുമാണ് താരങ്ങളെന്ന് സംവിധായകൻ ഹരി പറയുന്നു. ചിത്രത്തിന് പേരിട്ടിട്ടില്ല. ഇവർക്കു പുറമെ അനുഷ്കയും സന്താനവും പ്രധാന വേഷത്തിലെത്തുന്നുണ്ട്.

# കാസനോവ പവനായി ആയപ്പോൾ



മോഹൻലാൽ, റോമ

എന്തൊക്കെ ബഹളമായിരുന്നു. മലപ്പുറം കത്തി.... മെഷീൻ ഗൺ... ബോംബ്... ഒടുവിൽ പവനായി ശവമായി. ഈ പറഞ്ഞു വന്നത് നമ്മുടെ ലാലേട്ടന്റെ പുത്തൻ പടത്തേക്കുറിച്ചാണ്. കാസനോവ. മലപോലെ വന്ന കാസനോവയ്ക്ക് നാടോടിക്കാറ്റിലെ പവനായിയുടെ ഗതിയായിപ്പോയി.

ഐ ലവ് യൂ, മേംനേ പ്യാർ കിയാ.. കാസനോവയ്ക്ക് വിശ്വത്തോളം വിശേഷണങ്ങളാണ് ജീവിതത്തിലും വെള്ളിത്തിരയിലും. മലയാള സിനിമയുടെ ചരിത്രത്തിലെ ഏറ്റവും ചെലവേറിയ ചിത്രമാണ് കാസനോവ (30 കോടിയാണ് നിർമ്മാണച്ചെലവെന്ന് അവകാശപ്പെടുന്നു). വിദേശ രാജ്യങ്ങളായിരുന്നു ലൊക്കേഷൻ. ലോകം മുഴുവൻ ഒരേ ദിവസം റിലീസ്. ഒരു ദിവസം 2000 പ്രദർശനം. വലിയ നഗരങ്ങളിൽ മൂന്നു തിയേറ്ററുകളിൽ പ്രദർശനം. സിനിമാ ലോകവും പ്രേക്ഷക സമൂഹവും രണ്ടു വർഷമായി കാത്തിരുന്ന സിനിമ(നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് രണ്ടു വർഷമായെങ്കിലും എട്ടു മാസം കൊണ്ട് തിയേറ്ററുകളിൽ എത്തിക്കാൻ കഴിഞ്ഞതിൽ ആശ്വസിക്കാം).

രത്നങ്ങൾ കവർച്ച ചെയ്യുന്ന നാലംഗ സംഘം കന്യാസ്ത്രീ മഠത്തിൽ നിന്ന് കിരീടവും മറ്റും കൊള്ളയടിക്കുന്നിടത്ത് നിന്നാണ് മൂന്നു മണിക്കൂർ ദൈർഘ്യമുള്ള കാസനോവ പ്രേക്ഷകന്റെ ക്ഷമ പരീക്ഷിക്കാൻ എത്തുന്നത്.

മൂന്നു നൂറ്റാണ്ടു മുൻപ് ഇറ്റലിയിൽ ജീവിച്ചിരുന്ന കാസനോവയ്ക്ക് 122 കാമുകിമാരുണ്ടായിരുന്നു. സിനിമയിലെ കാസനോവയുടെ നാലു കാമുകിമാരെ സഹിക്കുന്ന പ്രേക്ഷകന്റെ ക്ഷമയെ സമ്മതിക്കണം. ഫ്ലയിംഗ് കിസ്സുമായി കാസനോവ പ്രത്യക്ഷപ്പെടുന്നു. അന്തരീക്ഷത്തിൽ ഹെലികോപ്റ്ററിൽ വട്ടമിട്ടു പറക്കുന്നു. നിത്യ കാമുകനായ കാസനോവയുടെ ഇരുവശത്തും അല്പവസ്ത്രധാരികളായ സുന്ദരിക്കോതകൾ. അവർ അരക്കെട്ട് കുലുക്കി നൃത്തം വയ്ക്കുന്നു. കാസനോവയെ കാണുന്ന, ആ മഹാന്റെ ഡയലോഗ് കേൾക്കുന്ന സുന്ദരീമണികൾ അയാൾക്ക് മുന്നിൽ ഫ്ലാറ്റാകുന്നു.

കാസനോവയുടെ സ്റ്റാഫ് ലിസ്റ്റിൽ സോഫിയ, ജൂലിയ, ക്രിസ്റ്റീന എന്നീ പേരുകാരാണ്. ശശിയെയും ചന്ദ്രനെയും രമേശനെയും വയ്ക്കുന്നതിലും നല്ലതല്ലേ ഇവർ എന്ന കാസനോവയുടെ ചോദ്യം പ്രേക്ഷകരോടാണ്. കണ്ണു തള്ളിയിരിപ്പാണ് പാവം പ്രേക്ഷകൻ. അപ്പോൾ അതാ വരുന്നു കാസനോവയുടെ അടുത്ത ഫിലോസഫി. വേർപിരിയുമെന്ന പേടി കൊണ്ടാണ് ആരും പ്രേമിക്കാത്തതെന്ന്.

കാസനോവ ആൻ മേരിക്കു (റോമ) മുൻപിൽ അടുത്ത ഫിലോസഫി വിളമ്പുന്നു. കന്യാസ്ത്രീയാകാൻ മഠത്തിൽ ചേർന്ന ആളാണ് ആൻമേരി. 'പൂക്കൾക്ക് പ്രണയമെന്നും അർത്ഥമുണ്ട്. ബിഹൈൻഡ് എവരി ലവ് സ്റ്റോറി ദേർ ഈസ് എ ഫൈൻഡ്. പ്രണയം ബുദ്ധനെ പതിനാറുകാരനാക്കുന്നു. അസുരനെ ബുദ്ധനാക്കുന്നു'. കാസനോവയുടെ ഉദ്ബോധനം കേട്ട് ആൻമേരി ഫ്ളാറ്റായി. ആൻ മേരിയോടുള്ള പ്രണയം തെളിയിക്കാൻ റോപ്പിനു മുകളിലൂടെ നടക്കുന്നു കാമുകൻ. അപ്പോൾ കാസനോവയുടെ ഭാഷണം ഇങ്ങനെയാണ്, 'പ്രണയം നമ്മളെ ചിലപ്പോൾ സാഹസികനാക്കും. ചിലപ്പോൾ നിസ്വാർത്ഥനാക്കും. ഒറ്റ നിമിഷം കൊണ്ട് നമ്മളെ വിഡ്ഢികളാക്കുകയും ചെയ്യും'. (സത്യമാണ് പറഞ്ഞത്. പാവം വിഡ്ഢി പ്രേക്ഷകർ)

ഡ്യൂപ്പില്ലാതെ 32 നില കെട്ടിടത്തിനു മുകളിൽ നിന്നുള്ള ഡൈവിംഗ്, ബുർജ് ഖലീഫയിൽ ഹെലികോപ്റ്ററിൽ പറന്നിറങ്ങുന്ന മോഹൻലാലിന്റെ സീനും പ്രേക്ഷകരിൽ ചെറുചലനം പോലും സൃഷ്ടിച്ചില്ല. സഞ്ജയ് - ബോബിയുടെ തിരക്കഥയിൽ റോഷൻ ആൻഡ്രൂസിന്റെ മൂന്നാമത്തെ കുഞ്ഞായ കാസനോവ മഹാത്ഭുതം കാട്ടുമെന്ന് പ്രതീക്ഷിച്ചെങ്കിലും വെറുതെയായി. കാശുകളഞ്ഞത് മിച്ചം. ബെസ്റ്റ് കോഫി ഇൻ ദ വേൾഡ് എന്ന് ഡയലോഗ് കാച്ചുന്ന കാസനോവ, പ്രേക്ഷകർക്ക് കട്ടൻ കാപ്പിയുടെ ഉൻമേഷം പോലും തരുന്നില്ല. പാവം ലാലേട്ടൻ. അതുല്യനായ ഈ നടനെ ചൂഷണം ചെയ്ത് ഇതുപോലെ കുളത്തിൽ ചാടിക്കുന്നവരെ ഇനിയും തിരിച്ചറിയുന്നില്ലല്ലോ.